



# കത്തോലിക്കർ മാർപാപ്പയെ അനുസരിക്കണമോ?

## അനുസരണവും വിയോജിപ്പും കാനൻനിയമത്തിൽ

**ഡോ. ജെയിംസ് മാത്യു പാമ്പാറ** സി.എം.ഐ.

### ആമുഖം

നിയമവിരുദ്ധ ബലിയർപ്പണം നിരോധിച്ചുകൊണ്ടുള്ള എറണാകുളം മുൻസിഫ് കോടതിയുടെ 2024 മാർച്ച് 13-ാം തീയതിയിലെ വിധി (cf. *കർമ്മലകുസുമം*, 2024 ഏപ്രിൽ, ലക്കം 4, പുസ്തകം 121, പേജുകൾ 18-23) യിൽ കോടതി വ്യക്തമാക്കിയ ഒരു കാര്യം മാർപാപ്പയ്ക്ക് അപ്രമാദിത്വമുള്ളതിനാൽ മാർപാപ്പയുടെ തീരുമാനം എല്ലാ കത്തോലിക്കരും അനുസരിക്കുവാൻ കടപ്പെട്ടവരാണെന്നും അതിനാൽത്തന്നെ, എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികർ, പ്രത്യേകിച്ചും കേസിലെ എതിർപക്ഷത്തിൽ വരുന്ന വികാരിമാരും അവരുടെ കൂട്ടാളികളും, മാർപാപ്പയുടെ അനുവാദമില്ലാത്ത ജനാഭിമുഖ ബലിയർപ്പണം തുടർന്ന് പ്രസ്തുത ഇടവകകളിൽ അർപ്പിക്കുവാൻ പാടില്ല എന്നതുമായിരുന്നു. ഈ വിധിക്കുശേഷം എറണാകുളം-അങ്കമാലി അതിരൂപതയിലെ നെടുമ്പ്രക്കാട് സെന്റ് തോമസ് ഇടവക സംബന്ധിയായ ഒരു പരാതിയിൽ ചേർത്തല മുൻസിഫ് കോടതിയും സമാനമായ ഒരു വിധി പുറപ്പെടുവിച്ചതായി അറിയുവാൻ കഴിഞ്ഞു. എന്നിരുന്നാലും, ഒരു മുൻസിഫ് കോടതിയുടെ വിധി മറ്റ് കോടതികൾക്ക് ബാധകമല്ലാത്തതിനാൽ, എറണാകുളം-അങ്കമാലി അതിരൂപതാപ്രദേശങ്ങളിൽ അധികാരമുള്ള പറവൂർ, പെരുമ്പാവൂർ തുടങ്ങിയുള്ള മറ്റ് മുൻസിഫ് കോടതികളിലുള്ള സമാനമായ കേസുകളിലെ വിധികൾ എപ്രകാരമായിരിക്കുമെന്നത് പ്രവചനാതീതം തന്നെ.

മുകളിൽ പറഞ്ഞ പശ്ചാത്തലത്തിൽ ശ്രദ്ധേയമായ മറ്റൊരു വിധി കേരള ഹൈക്കോടതിയുടെ 2024 മാർച്ച് 26-ാം തീയതിയിലെ, കാക്കനാട് സെന്റ് ഫ്രാൻസീസ് പള്ളിവികാരി, നിയമാനുസൃതമായ വിശുദ്ധ കുർബാനയർപ്പണത്തിന് പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട്, അതിന്

തടസ്സം നിൽക്കുന്ന എറണാകുളം വിമതരെ കക്ഷി ചേർത്തുകൊണ്ട് കൊടുത്ത പരാതിയിൽ, പള്ളി വികാരിക്ക് പോലീസ് സംരക്ഷണം ഉത്തരവായിക്കൊണ്ടുള്ള വിധിയാണ് (cf. WP(c)No. 3055 of 2024). ഹൈക്കോടതി വിധികൾ എപ്പോഴും കീഴ്ക്കോടതികൾക്ക് സമാനമായ കേസുകളിൽ ബാധകമായതിനാൽ, പ്രസ്തുത വിധി സീറോ-മലബാർ സഭാംഗങ്ങൾ മാത്രമല്ല, പ്രത്യുത, എല്ലാ കത്തോലിക്കാ സഭാംഗങ്ങളും പഠന വിഷയമാക്കേണ്ടതുമാണ്. പ്രസ്തുത വിധിയിൽ ഹൈക്കോടതി, ഇടവക വികാരിക്കും കൂട്ടർക്കും പോലീസ് സംരക്ഷണം നൽകുവാൻ ഉത്തരവിടുവാനുള്ള കാരണമായി പറഞ്ഞിരിക്കുന്നത്, ഇടവക വികാരിക്കുവേണ്ടി അദ്ദേഹത്തിന്റെ അഭിഭാഷകൻ വാക്കുപറഞ്ഞിരിക്കുന്നത് അദ്ദേഹം പരിശുദ്ധ പിതാവായ മാർപാപ്പയെയും (His Holiness) പരിശുദ്ധ സിംഹാസനത്തെയും (Holy See) അനുസരിച്ച് മാത്രമേ വിശുദ്ധ കുർബാനയർപ്പിക്കൂ എന്ന് കോടതിക്ക് വാക്ക് കൊടുത്തിട്ടുള്ളതുകൊണ്ട്, അപ്രകാരമുള്ള നൈയാമികമായ ബലിയർപ്പണത്തിന് പോലീസ് സംരക്ഷണത്തിനായി ഉത്തരവിടുന്നു എന്നാണ്.

മുകളിൽ പറഞ്ഞ രണ്ട് വിധികളിലും ശ്രദ്ധേയമായ ഒരു കാര്യം ഇന്ത്യയിലെ സിവിൽ കോടതികൾ കത്തോലിക്കാസഭയുടെ ആഭ്യന്തര കാര്യങ്ങളിലെ പരമാധികാരിയായി മാർപാപ്പയേയും മാർപാപ്പയുടെ നാമത്തിൽ കത്തോലിക്കാസഭയുടെ പൊതുഭരണം നിർവഹിക്കുന്ന പരിശുദ്ധ സിംഹാസനത്തെയും (Holy See) അംഗീകരിക്കുന്നു എന്നതാണ്. ഈ വസ്തുത കത്തോലിക്കാസഭയെയും മാർപാപ്പയെയും സ്നേഹിക്കുന്ന, ആദരിക്കുന്ന ഏത് വിശ്വാസിക്കും വളരെ ആശ്വാസം നൽകുന്ന ഒരു കാര്യംതന്നെ. പ്രത്യേകിച്ചും, ഫ്രാൻസിസ് മാർപാപ്പ പൗരസ്ത്യ കാര്യാലയത്തോട്, ഇനിയും വിഘടിച്ചു നിൽക്കുന്ന വിമത വൈദികർക്കെതിരെ കർശനമായ ശിക്ഷാനടപടികൾ ആരംഭിക്കുവാൻ നിർദ്ദേശം നൽകി കഴിഞ്ഞതായുള്ള സൂചനകൾ കൂടുതൽ വ്യക്തമായിക്കഴിഞ്ഞ ആനുകാലിക സാഹചര്യത്തിൽ. വിമത വൈദികർക്കെതിരെ അനുസരണക്കേടിന്റെ ഫലമായുള്ള ശീശ്മയെന്ന കുറ്റത്തിനുള്ള ശിക്ഷാനടപടികൾ ആരംഭിക്കുവാൻ പരിശുദ്ധ സിംഹാസനം ആവർത്തിച്ചാവശ്യപ്പെട്ടപ്പോൾ അതിനുള്ള ആർജ്ജവമില്ലാതെ നിന്ന ആ കാലഘട്ടത്തിലെ വൈദിക മേൽശ്രേഷ്ഠന്മാർ പറഞ്ഞുവച്ച മുട്ടായുക്തി എറണാകുളം-അങ്കമാലി അതിരൂപതയിലെ ഭൂരിപക്ഷം വരുന്ന വൈദികർ വിമതരായതിനാൽ അവർക്കാർക്കെങ്കിലും എതിരെ എന്തെങ്കിലും ശിക്ഷാനടപടികൾ സ്വീകരിച്ചാൽ അവർ ഒറ്റക്കെട്ടായി അവിടുത്തെ വിശ്വാസികൾക്കൊപ്പം കത്തോലിക്കാസഭ വിട്ടുപോകുമെന്നും അപ്പോൾ കത്തോലിക്കാസഭയ്ക്ക് അപരിഹാര്യമായ പള്ളി നഷ്ടവും സ്വത്ത് നഷ്ടവും വരുമെന്നും അതിനാലാണ് തങ്ങൾ ശിക്ഷാനടപടികൾക്ക് തുനിയാത്തത് എന്നുമാണ്. എന്നാൽ, മുകളിൽ പറഞ്ഞ കോടതിവിധികൾ നൽകുന്ന വ്യക്തമായ സന്ദേശം ഏത് വിമത വൈദികർ കത്തോലിക്കാസഭ വിട്ടുപോയാലും അവർക്ക് കത്തോലിക്കാസഭയുടെ ഭാഗമായ സീറോ-മലബാർ സഭയുടെ യാതൊരു സ്വത്തും കൂട്ടത്തിൽ കൊണ്ടുപോകുവാൻ ഇന്ത്യയിലെ നീതിന്യായ വ്യവസ്ഥ സമ്മതിക്കുകയില്ല എന്നതുതന്നെ. ഒരു ഇടവകയിൽ ഒരു വിശ്വാസിയെങ്കിലും കത്തോലിക്കാ സഭയോടും മാർപാപ്പയോടും ചേർന്നുനിൽക്കുവാൻ തയ്യാറാവുകയും ആ ഇടവകയിൽ മാർപാപ്പ നിർദ്ദേശിച്ച വിശുദ്ധ കുർബാനയർപ്പണം നടപ്പിലാക്കിത്തരണമെന്ന് ഹൈക്കോടതിയോടോ കീഴ്ക്കോടതിയോടോ ആ വ്യക്തി ആവശ്യപ്പെടുകയും ചെയ്താൽ ആ ഇടവകയിൽ പിന്നീട് കത്തോലിക്കാ വിരുദ്ധ ദൈവാരാധനയോ അകത്തോലിക്ക ഭരണവ്യവസ്ഥയോ നൈയാമികമായി നിലനിൽക്കുവാൻ ഒരു കോടതിയും ഉത്തരവിടുവാനുള്ള സാധ്യത ഒട്ടുമേയില്ല എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. അതിനാൽത്തന്നെ കത്തോലിക്കാസഭയിൽ അനുസരണക്കേടിനും വിമതപ്രവർത്തനങ്ങൾക്കും യാതൊരു സ്ഥാനവുമില്ലെന്നതുതന്നെയാണ് വസ്തുത.

ഇത്തരുണത്തിൽ പ്രസക്തമായ ചില ചോദ്യങ്ങളാണ് കത്തോലിക്കാസഭയിൽ മാർപാപ്പ സ്വേച്ഛാധിപതിയോ ഏകാധിപതിയോ ആണോ? കത്തോലിക്കാസഭയിൽ സ്വതന്ത്രമായ ചർച്ചകൾക്കും ആശയവിനിമയങ്ങൾക്കും അവസരമില്ലേ? വിയോജിക്കുവാനുള്ള അവകാശവും സ്വാതന്ത്ര്യവും അടിയറവ് വച്ചവർക്കേ കത്തോലിക്കാസഭയിൽ തുടരുവാനാവുകയുള്ളോ? അപ്രമാദിത്വമുള്ള മാർപാപ്പയുടെ എല്ലാ അഭിപ്രായങ്ങളും എല്ലാവരും അനുസരിക്കണമോ എന്നിവ.

**1. മാർപാപ്പയുടെ പ്രബോധനാധികാരവും അപ്രമാദിത്വവും**

പഠിപ്പിക്കുക, ഭരിക്കുക, വിശുദ്ധീകരിക്കുക എന്നീ ത്രിവിധ ദൗത്യങ്ങളാണ് അപ്പസ്തോലന്മാരുടെ പിൻഗാമികളായ എല്ലാ മെത്രാന്മാർക്കും, അതുപോലെ പത്രോസിന്റെ പിൻഗാമിയും ആഗോള കത്തോലിക്കാസഭയുടെ പരമാധികാരിയുമായിട്ടുള്ള മാർപാപ്പയ്ക്കുമുള്ളത്. പത്രോസിന്റെ പിൻഗാമിയും റോമിലെ സഭയുടെ മെത്രാനും മെത്രാൻസംഘത്തിന്റെ തലവനും ക്രിസ്തുവിന്റെ വികാരിയുമായ റോമിലെ മാർപാപ്പ തന്റെ പഠിപ്പിക്കുവാനുള്ള ദൗത്യനിർവഹണത്തിന്റെ

**കത്തോലിക്കാസഭയിൽ മാർപാപ്പമാരോ സാർവത്രിക സൂനഹദോസുകളോ "ദൈവികമായി വെളിപ്പെടുത്തപ്പെട്ടതെന്ന് സഭയുടെ സാഘോഷമായ ഔദ്യോഗിക പ്രബോധനാധികാരത്താലോ സാധാരണ സാർവത്രിക പ്രബോധനാധികാരത്താലോ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതുമായ കാര്യങ്ങൾ ദൈവികവും കാതോലിക്കവുമായ വിശ്വാസത്തോടെ സ്വീകരിക്കപ്പെടണം" എന്ന് 598-ാം കാനോന പഠിപ്പിക്കുന്നു. അതായത്, വിശ്വാസസത്യങ്ങളായി കത്തോലിക്കാസഭയുടെ പരമാധികാരം പഠിപ്പിക്കുന്ന കാര്യങ്ങൾ ഓരോ കത്തോലിക്കാവിശ്വാസിയും ചോദ്യം ചെയ്യാതെ വിശ്വസിക്കേണ്ട താണ്. തന്റെ ബുദ്ധിയെ അത് സ്വീകരിക്കുവാൻ നിർബന്ധിക്കുവാൻ ഓരോ വിശ്വാസി ക്കും കടമയുണ്ട്. അതുപോലെതന്നെ, "ഇവയ്ക്കെതിരായ ഏതൊരു പ്രബോധനവും നിരസിക്കുവാൻ എല്ലാ ക്രൈസ്തവ വിശ്വാസികളും കടപ്പെട്ടിരിക്കുന്നു."**

ഭാഗമായി ആണ് അപ്രമാദിത്വം അഥവാ 'തെറ്റാവരം' ഉപയോഗിക്കുക. എന്നാൽ, മാർപാപ്പയുടെ എല്ലാ പഠനങ്ങളും അപ്രമാദിത്വം ഉള്ളവയല്ലതാനും. "വിശ്വാസവും സന്മാർഗവും സംബന്ധിച്ച പഠനങ്ങൾ" നിർവചിക്കുന്ന പ്രത്യേക നിമിഷങ്ങളിൽ മാത്രമേ മാർപാപ്പയ്ക്ക് തെറ്റാവരമുണ്ടായിരിക്കുകയുള്ളൂ എന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസഭയെക്കുറിച്ചുള്ള ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ *ജനതകളുടെ പ്രകാശം* അർത്ഥശങ്കയ്ക്കിടം കൊടുക്കാത്ത രീതിയിൽ തന്നെ പഠിപ്പിക്കുന്നുണ്ട് (*LG*, 25). അതിനാൽ മാർപാപ്പയുടെ പ്രബോധനാധികാരമുപയോഗിച്ച് പഠിപ്പിക്കുന്ന എല്ലാ കാര്യങ്ങൾപോലും തെറ്റാവരത്തിന് കീഴിൽ വരുകയില്ല. പൗരസ്ത്യ കാനൻ നിയമത്തിലെ 597-ാം കാനോന തത്സംബന്ധിയായി ഇങ്ങനെ പഠിപ്പിക്കുന്നു: "§1. എല്ലാ ക്രൈസ്തവ വിശ്വാസികളുടെയും പരമോന്നത ഇടയനും, തന്റെ സഹോദരരെ വിശ്വാസത്തിൽ ഉറപ്പിക്കേണ്ട പ്രബോധകനുമെന്ന നിലയിൽ വിശ്വാസവും ധാർമ്മികതയും സംബന്ധിച്ചുള്ള ഒരു പ്രബോധനം നിർണായകമായി പ്രഖ്യാപിക്കുമ്പോൾ ഉദ്യോഗവശാൽ റോമാ മാർപാപ്പയ്ക്ക് അപ്രമാദിത്വ പ്രബോധനാധികാരമുണ്ട്. §2. വിശ്വാസത്തേയും ധാർമ്മികതയേയും സംബന്ധിച്ച് സാർവത്രിക സഭയുടെ പ്രബോധകരും വിധികർത്താക്കളുമെന്ന നിലയിൽ ഒരു സാർവത്രിക സൂനഹദോസിൽ ഒരുമിച്ചുകൂടി തങ്ങളുടെ പ്രബോധനാധികാരം വിനിയോഗിക്കുകയും വിശ്വാസത്തേയും ധാർമ്മികതയേയും സംബന്ധിച്ച ഒരു പ്രബോധനം നിർണായകമായി പ്രഖ്യാപിക്കുകയും ചെയ്യുമ്പോൾ മെത്രാൻസംഘത്തിനും അപ്രമാദിത്വമുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായിരിക്കുകയും എന്നാൽ തമ്മിൽ തമ്മിലും പത്രോസിന്റെ പിൻഗാമിയുമായും കൂട്ടായ്മയിലായിരിക്കുകയും ചെയ്യുന്ന മെത്രാന്മാർ വിശ്വാസം, ധാർമ്മികത എന്നിവയുടെ ആധികാരിക പ്രബോധകരെന്ന നിലയിൽ ഒരു കാര്യം സുനിശ്ചിതമായി കരുതപ്പെടണമെന്ന് റോമാ മാർപാപ്പയുമായി യോജിച്ച് ഏകയോഗമായി പ്രഖ്യാപിക്കുമ്പോഴും അവർ ഇതേ അധികാരം വിനിയോഗിക്കുന്നു. §3. വ്യക്തമായും അപ്രകാരം പ്രഖ്യാപിക്കപ്പെട്ടിട്ടില്ലെങ്കിൽ ഒരു പ്രബോധനവും അപ്രമാദിത്വമുള്ളതായി കണക്കാക്കപ്പെടുന്നില്ല."

മറ്റൊരു വാക്കിൽ പറഞ്ഞാൽ നിയതമായി നിർവചിക്കപ്പെടാത്ത, അഥവാ അപ്രമാദിത്വമുണ്ടെന്ന് പ്രഖ്യാപിക്കപ്പെടാത്ത, മാർപാപ്പയുടെയോ മെത്രാൻ സംഘത്തിന്റെയോ പ്രബോധനാധികാരത്തിൻ കീഴിൽ വരുന്ന യാതൊരു പഠനവും തെറ്റാവരമുള്ളതായി കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല.

എന്നാൽ, കത്തോലിക്കാസഭയിൽ മാർപാപ്പമാരോ സാർവത്രിക സൂനഹദോസുകളോ "ദൈവികമായി വെളിപ്പെടുത്തപ്പെട്ടതെന്ന് സഭയുടെ സാഘോഷമായ ഔദ്യോഗിക പ്രബോധനാധികാരത്താലോ സാധാരണ സാർവത്രിക പ്രബോധനാധികാരത്താലോ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതുമായ കാര്യങ്ങൾ ദൈവികവും കാതോലിക്കവുമായ വിശ്വാസത്തോടെ സ്വീകരിക്കപ്പെടണം" എന്ന് 598-ാം കാനോന പഠിപ്പിക്കുന്നു. അതായത്, വിശ്വാസസത്യങ്ങളായി കത്തോലിക്കാസഭയുടെ പരമാധികാരം പഠിപ്പിക്കുന്ന കാര്യങ്ങൾ ഓരോ കത്തോലിക്കാവിശ്വാസിയും ചോദ്യം ചെയ്യാതെ വിശ്വസിക്കേണ്ടതാണ്. തന്റെ ബുദ്ധിയെ അത് സ്വീകരിക്കുവാൻ നിർബന്ധിക്കുവാൻ ഓരോ വിശ്വാസിക്കും കടമയുണ്ട്. അതുപോലെതന്നെ, "ഇവയ്ക്കെതിരായ ഏതൊരു പ്രബോധനവും നിരസിക്കുവാൻ എല്ലാ ക്രൈസ്തവ വിശ്വാസികളും കടപ്പെട്ടിരിക്കുന്നു."

വിശ്വാസസത്യങ്ങളായി സഭ പ്രഖ്യാപിക്കാത്ത, എന്നാൽ, അതേസമയം തന്നെ സുനിശ്ചിത പഠനങ്ങളായി (definitive teaching) മാർപാപ്പ വിശ്വാസികൾക്ക് പ്രബോധനാധികാരത്തിൻ കീഴിൽ നൽകുന്ന പഠനങ്ങൾ സംബന്ധിച്ച് വിശ്വാസികളുടെ കർത്തവ്യം അവയെ

"ഉറപ്പായി സ്വീകരിക്കുകയും മുറുകെ പിടിക്കുകയും ചെയ്യണം" (CCEO c.598, §2) എന്നതാണ്. വിശ്വാസസത്യങ്ങൾ വിശ്വസിക്കുവാൻ വിശ്വാസി കടപ്പെട്ടിരിക്കുമ്പോൾ, ഈ രണ്ടാം കാറ്റഗറിയിൽപ്പെട്ടവ വിശ്വസിക്കുവാനുള്ള കടപ്പാട് വിശ്വാസിക്കില്ല. മറ്റൊരുവാക്കിൽ പറഞ്ഞാൽ, സ്വന്തം ബുദ്ധിയെ നിർബന്ധിച്ച് അനുസരിപ്പിക്കുകയോ, ഈ പഠനത്തിന് കീഴ്പ്പെടുത്തുകയോ ചെയ്യുവാനുള്ള ഉത്തരവാദിത്വം വിശ്വാസിക്കില്ല. പ്രത്യുത, ആ പഠനത്തിനെതിരായി പഠിപ്പിക്കുകയോ, എഴുതുകയോ, പ്രസംഗിക്കുകയോ ചെയ്യാതിരുന്നാൽ മതി. മനസ്സിന്റെയുള്ളിൽ വിയോജനമാകുന്നതിൽ തെറ്റില്ല എന്നർത്ഥം. കത്തോലിക്കാസഭയിൽ സ്ത്രീപൗരോഹിത്യം സാധ്യമല്ലെന്നുള്ള വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ Ordinatio Sacerdotalis എന്ന ലേഖ (Apostolic Letter) യിലൂടെയുള്ള പഠനം ഇങ്ങനെയുള്ള സുനിശ്ചിത പഠനത്തിനുദാഹരണമാണ്. ഇങ്ങനെയുള്ള "കൃത്യമായി മുറുകെ പിടിക്കേണ്ട പ്രസ്താവങ്ങളെ നിരസിക്കുന്ന ഏതൊരുവനും കത്തോലിക്കാസഭയുടെ പഠനത്തിനെതിരായി നിലകൊള്ളുന്നു" എന്ന് കാനോന (CCEO c.598, §2) വ്യക്തമാക്കുന്നുമുണ്ട്.

ഇങ്ങനെ വിശ്വാസസത്യമായോ സുനിശ്ചിതമെന്ന രണ്ടാം ഗണത്തിലോ അല്ലാതെയും മാർപാപ്പ തന്റെ പ്രബോധനാധികാരം വിനിയോഗിക്കാറുണ്ട്. ഔദ്യോഗികമായി മാർപാപ്പമാർ നടത്തുന്ന അങ്ങനെയുള്ള പഠനങ്ങൾ വിശ്വാസികൾ സ്വീകരിക്കുവാൻ കടപ്പെട്ടിട്ടുണ്ടെങ്കിലും അങ്ങനെയുള്ള കാര്യങ്ങളിൽ വിശ്വാസപരമായ വിധേയത്വത്തിന് (assent of faith) പകരം "ബുദ്ധിയുടേയും മനസ്സിന്റേയും മതാത്മകമായ വിധേയത്വം" (obsequium) മാത്രമേ വിശ്വാസികളിൽ നിന്നും ആവശ്യപ്പെടുന്നുള്ളൂ. ഈ മൂന്ന് ഗണത്തിലുംപെടാത്ത മാർപാപ്പമാരുടെ വ്യക്തിപരമായ അഭിപ്രായങ്ങൾ വിശ്വാസികൾ സ്വീകരിക്കുവാൻ കടപ്പെട്ടിട്ടില്ലതാനും. മൂന്നാം ഗണത്തിൽ വരുന്ന പഠനങ്ങളിൽ വരുന്നവയാണ് സാമൂഹികനീതി സംബന്ധിയായ മാർപാപ്പമാരുടെ പഠനങ്ങൾ. ഉദാഹരണത്തിന് *ലൗദാത്തോ സി* (*Laudato Si*) എന്ന ഫ്രാൻസിസ് മാർപാപ്പയുടെ പഠനത്തിലെ "ആഗോളതാപനം" (global warming) സംബന്ധിയായ പ്രബോധനത്തിനെതിരായ ഒരു വിയോജിപ്പിന്റെ കാഴ്ചപ്പാട് തുടർന്നുകൊണ്ട് ഒരാൾക്ക് കത്തോലിക്കാ വിശ്വാസിയായി ജീവിക്കുവാനും എഴുതുവാനും പഠിപ്പിക്കുവാനും സാധിക്കും. അയാൾ ചെയ്യേണ്ടത് മാർപാപ്പയുടെ പഠനത്തെ ബഹുമാനിക്കുകയും ആ പഠനത്തെ നേരിട്ട് ആക്രമിക്കുകയും ചെയ്യാതിരിക്കുക മാത്രം.



**2. മാർപാപ്പയുടെ ഭരണാധികാരവും വിയോജിപ്പും**

മാർപാപ്പയുടെ പ്രബോധനാധികാര പശ്ചാത്തലത്തിൽ വിയോജിപ്പിനുള്ള അവസരമുണ്ടെങ്കിലും മാർപാപ്പയുടെ ഭരണാധികാര ശുശ്രൂഷാനിർവഹണത്തിൽ അങ്ങനെ ഒരു സാധ്യത കത്തോലിക്കാസഭയിലില്ല. പൗരസ്ത്യ കാനോനസംഹിതയിലെ 45-ാം കാനോനയുടെ മൂന്നാം ഖണ്ഡിക ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: "റോമാ മാർപാപ്പയുടെ വിധിക്കോ കൽപ്പനയ്ക്കോ എതിരായി അപ്പീലോ അപേക്ഷയോ (appeal or recourse) നിലനിൽക്കില്ല." അതുപോലെതന്നെ 1058-ാം കാനോന ഇപ്രകാരം വ്യക്തമാക്കുന്നു: "റോമാ മാർപാപ്പ ആരാലും വിധിക്കപ്പെടുന്നില്ല." റോമാ മാർപാപ്പയുടെ പരമാധികാരത്തെപ്പറ്റി 45-ാം കാനോനയുടെ ഒന്നാം ഖണ്ഡിക ഇപ്രകാരം പഠിപ്പിക്കുന്നു: "തന്റെ ഔദ്യോഗിക പദവിയാൽ റോമാ മാർപാപ്പയ്ക്ക് സാർവത്രികസഭയുടെമേൽ മാത്രമല്ല അധികാരമുള്ളത് പ്രത്യുത, എല്ലാ രൂപതകളുടെയും രൂപതാസമൂഹങ്ങളുടെയും മേലുള്ള ഉദ്യോഗസഹജാധികാരത്തിൽ പ്രഥമസ്ഥാനവുമുണ്ട്."

**ഉപസംഹാരം**

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരോട് സീറോ-മലബാർ സിനഡ് നിശ്ചയിച്ചപ്രകാരം വിശുദ്ധ കുർബാനയർപ്പിക്കണമെന്ന് നിർദ്ദേശിച്ചതും അദ്ദേഹത്തിന്റെ പ്രതിനിധിയായ സിറിൽ വാസിൽ പിതാവ് സിനഡ് നിർദ്ദേശിച്ചപ്രകാരം കുർബാന ചൊല്ലുവാൻ സാധിക്കാത്തവർ ജനാഭിമുഖ കുർബാന ചൊല്ലുവാൻ പാടില്ലെന്നും പ്രത്യുത ബലിയർപ്പിക്കേണ്ടതില്ല എന്നും എടുത്ത തീരുമാനങ്ങൾ മാർപാപ്പയുടെ പ്രബോധനാധികാരപ്രകാരമുള്ള പഠിപ്പിക്കലായിരുന്നില്ല; പ്രത്യുത, മാർപാപ്പയുടെ പരമാധികാരത്തിൻകീഴിലുള്ള ഭരണാധികാരം നിർവഹിക്കലായിരുന്നു. അതിനാൽത്തന്നെ, അതിനെതിരെയുള്ള വിയോജനം (dissent) കത്തോലിക്കാസഭയിൽ സാധ്യമല്ല. പരമാധികാരി

നിശ്ചയിച്ചാൽ പിന്നെ അനുസരിക്കുക മാത്രമേ കരണീയമായിട്ടുള്ളൂ. പിന്നെയും അനുസരിച്ചില്ലെങ്കിൽ അനുസരണക്കേട് കാണിക്കുന്ന വ്യക്തി ശീശ്മ (schism) എന്ന കുറ്റത്തിലാണ് പതിക്കുക. ശീശ്മ എന്ന കുറ്റത്തെപ്പറ്റി 1437-ാം കാനോന ഇങ്ങനെ പ്രതിപാദിച്ചിരിക്കുന്നു: "സഭയുടെ പരമോന്നതാധികാരത്തോടുള്ള വിധേയത്വമോ, അതിന് വിധേയരായ ക്രൈസ്തവ വിശ്വാസികളോടുള്ള കൂട്ടായ്മയോ നിരസിക്കുകയും നിയമാനുസൃതം താക്കീത് നൽകിയിട്ടും അതിൽനിന്നും പിന്മാറാതിരിക്കുകയും ചെയ്യുന്ന ഒരാൾ ശീശ്മക്കാരനെന്ന നിലയിൽ വലിയ മഹറോൻ ശിക്ഷയ്ക്കർഹനാണ്." എറണാകുളം വിമതവൈദികർ, മാർപാപ്പയെയും മാർപാപ്പയുടെ പ്രതിനിധി സിറിൽ വാസിൽ പിതാവിനെയും ജനാഭിമുഖ കുർബാനയർപ്പണം തുടരുന്നതിലൂടെ ധിക്കരിച്ച് "സഭയുടെ പരമോന്നതാധികാരത്തോട് തങ്ങൾക്കുള്ള വിധേയത്വമില്ലായ്മ" പരസ്യമായി പ്രഖ്യാപിച്ചുകഴിഞ്ഞതായി വേണം നൈയാമികമായി കരുതുവാൻ. എന്നാൽ, ശീശ്മ എന്ന കുറ്റം ചെയ്തതായി ഒരു വിശ്വാസി കരുതപ്പെടുവാൻ, അയാൾക്ക് നിയമാനുസൃതമായ താക്കീത് നൽകേണ്ടതുണ്ട്. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ പിതാവ് ആ നൈയാമിക താക്കീത് 2024 ഏപ്രിൽ 19-ാം തീയതിയിലെ പ്രിസ്ബിത്തേരിയത്തിൽ വച്ച് പ്രസ്തുത അതിരൂപതയിൽ ശുശ്രൂഷ നിർവഹിക്കുന്ന എല്ലാ വൈദികർക്കും നൽകിയതായാണ് വാർത്താമാധ്യമങ്ങളിൽനിന്നും മനസ്സിലാവുന്നത്. നൈയാമികമായ ഈ താക്കീതിനുശേഷവും ജനാഭിമുഖ ബലിയർപ്പണം തുടരുന്ന വൈദികരെല്ലാം, പ്രഥമദൃഷ്ട്യാ, ശീശ്മ എന്ന വലിയ മഹറോൻ ശിക്ഷ ലഭിക്കുന്ന കുറ്റത്തിലാണ് അകപ്പെട്ടിരിക്കുന്നതെന്നേ കത്തോലിക്കാ കാനൻ നിയമപ്രകാരം കണക്കാക്കാനാവൂ. എന്നിരുന്നാലും "innocent until proven guilty"എന്നതാണ് കത്തോലിക്കാസഭയുടെ ശിക്ഷാനിയമത്തിലെ പ്രഖ്യാപിത നിലപാട് എന്നതും നാം ഓർക്കേണ്ടതാണ് (cf. CCEO c.1414 §1, CIC c. 1321 §1). അതിനാൽ ഒരു സഭാക്കോടതിയോ അതുപോലെ പരിശുദ്ധ സിംഹാസനമോ ശീശ്മക്കാരനെന്ന് വിധിച്ച് വലിയ മഹറോൻ ശിക്ഷ നൽകുന്നതുവരെ ഈ വിമതരാരും നൈയാമികമായി ശീശ്മയിൽപ്പെട്ടവരായോ മഹറോൻ ശിക്ഷയ്ക്ക് വിധേയരായവരായോ നാമാരും പരിഗണിച്ചുകൂടാ. എന്നാൽ, പശ്ചാത്തപിച്ച്, മാർപാപ്പയുടെ നിർദ്ദേശങ്ങൾ അനുസരിച്ച്, സിനഡിന്റെ നിർദ്ദേശപ്രകാരമുള്ള വിശുദ്ധ കുർബാനയുടെ അർപ്പണം ആരംഭിക്കാത്ത വിമതവൈദികരെ സഭാക്കോടതി സ്ഥാപിച്ച് ശിക്ഷിക്കുവാൻ മാർപാപ്പ തീരുമാനിച്ചാൽ, കർത്താവ് പറഞ്ഞതുപോലെ (cf. ലൂക്കാ 13:3-5)) അവരുടെ നാശവും ശിക്ഷയും വിദൂരത്തല്ല എന്നതാണ് വസ്തുത.

2024 ഏപ്രിൽ 19-ാം തീയതിയിലെ പ്രിസ്ബിത്തേരിയത്തിന്റെ തീരുമാനങ്ങളായി വാർത്താമാധ്യമങ്ങളിൽ വായിക്കുവാൻ സാധിച്ചത് എറണാകുളം-അങ്കമാലി അതിരൂപതയിൽ പ്രവർത്തിക്കുന്ന നാനൂറ്റമ്പതോളം വരുന്ന വൈദികരിൽ അവിടെ സന്നിഹിതരായിരുന്ന മുന്നൂറോളം പേർ മാർപാപ്പയെ ധിക്കരിച്ച് ശീശ്മയിൽ തുടരുവാനും ശിക്ഷയെ അഭിമുഖീകരിക്കുവാനും തീരുമാനിച്ചു എന്നതാണ്. സുബുദ്ധി അവർക്കുണ്ടാകുമെന്ന് പ്രത്യാശിക്കുക മാത്രമേ ഇപ്പോൾ കരണീയമായുള്ളൂ. ലിറ്റർജിക്കൽ വേരിയന്റായി ജനാഭിമുഖ കുർബാന അനുവദിക്കണമെന്നുള്ള അവരുടെ ആവശ്യം രേഖാമൂലം പരിശുദ്ധ സിംഹാസനം നിരസിച്ചുകഴിഞ്ഞിട്ടുള്ളതാണ്. രണ്ടാമത്തെ ആവശ്യം സീറോ-മലബാർ സഭയിൽനിന്ന് വേർപെട്ട് മാർപാപ്പയുടെ കീഴിൽ ഒരു സ്വതന്ത്ര സഭയായി നിൽക്കണമെന്നുള്ളതാണ്. മാർപാപ്പയെ അനുസരിക്കാതെ, ശീശ്മയിൽ നിപതിച്ച ഒരു കൂട്ടരെ, മാർപാപ്പ അഭിനന്ദിക്കുമെന്നോ അവരാവശ്യപ്പെടുന്ന രീതിയിൽ തോന്ന്യവാസം ജീവിക്കുവാനായി ഒരു സഭയുണ്ടാക്കി കൊടുക്കുമെന്നോ സുബോധമുള്ള ആരും ചിന്തിക്കുമെന്ന് തോന്നുന്നില്ല. അങ്ങനെ പുതിയ ഒരു സഭയുണ്ടാക്കുമ്പോൾ അത് പൗരസ്ത്യസഭയാണോ പാശ്ചാത്യസഭയാണോ വേണ്ടതെന്നുകൂടി പറയേണ്ടതായിരുന്നു എന്ന് തോന്നുന്നു. പൗരസ്ത്യസഭയാണെങ്കിൽ, അപ്പോൾ വീണ്ടും പൗരസ്ത്യകാര്യാലയത്തിന് കീഴിലാകുമല്ലോ. എറണാകുളം വിമർതർ പൗരസ്ത്യമായതെന്തിനെയും പുച്ഛിക്കുന്നതിൽ മുൻപന്തിയിലായതിനാൽ അവർ ഒരുപക്ഷേ, പ്രൊപ്പഗാന്തയുടെ കീഴിൽ ഒരു പാശ്ചാത്യ സ്വതന്ത്രസഭയായിത്തീരാനാവാം ആഗ്രഹിക്കുന്നതെന്ന് തോന്നുന്നു. മാർപാപ്പയെ അനുസരിക്കുവാൻ തയ്യാറല്ലാത്തവർക്ക് കത്തോലിക്കാസഭയ്ക്ക് പുറത്ത് ഒരു സ്വതന്ത്രസഭ സ്ഥാപിക്കുന്നത് തന്നെയായിരിക്കും തികച്ചും കരണീയം. പക്ഷേ, കത്തോലിക്കാസഭയുടെ പള്ളികളും വസ്തുവകകളും അപ്പോൾ കത്തോലിക്കാസഭയുടേതായി തുടരുമെന്ന് മാത്രം.

തങ്ങൾ മാർപാപ്പയെ അനുസരിക്കുകയില്ല, പ്രത്യുത, മാർപാപ്പ തങ്ങളെ അനുസരിക്കണമെന്നുള്ള വിമതവാദം ചിലർക്കെങ്കിലും വിചിത്രമായി തോന്നുമെങ്കിലും, കത്തോലിക്കാസഭയെ നശിപ്പിക്കുവാൻ സഭാശത്രുക്കളിൽനിന്നും അച്ചാരം വാങ്ങിയവർക്ക് അങ്ങനെയല്ലേ വാദിക്കാനാവൂ എന്ന മറുചോദ്യത്തിന് മുമ്പിൽ ഉത്തരമില്ലാത്തവരായി മാറുന്നു സീറോ-മലബാർ സഭാസ്നേഹിക

ളെല്ലാം. എന്നാൽ സമയാസമയങ്ങളിൽ നടപടികളെടുത്ത് നിയമവാഴ്ച ആ അതിരൂപതയിൽ നടപ്പിലാക്കുവാൻ പരിശ്രമിക്കാതിരുന്ന വൈദികമേലദ്ധ്യക്ഷന്മാരുടെ കുറ്റകരമായ അനാസ്ഥ ഇനിയും തുടരുവാൻ തുനിയുന്നവർക്ക് കാലം മാപ്പുകൊടുത്താലും അവർ ദൈവത്തിന്റെ നിത്യവിധിയിൽ കണക്ക് കൊടുക്കേണ്ടിവരും, തീർച്ച.

മാർപാപ്പയുടെ ഉത്തരവ് മനപ്പൂർവ്വം ലംഘിച്ച് ശീശ്മയിലകപ്പെട്ട വൈദികരെ തിരിച്ചുവരവിലേക്കും മാനസാന്തരത്തിലേക്കും നയിക്കുവാൻ എല്ലാവിധ മാർഗങ്ങളും ഉപയോഗിക്കുവാൻ വിശ്വാസികളായ എല്ലാവർക്കും കടമയുണ്ട് എന്നത് ഓർക്കുന്നതോടൊപ്പം തന്നെ, ശീശ്മയ്ക്ക് കുടപിടിക്കുന്നവരായി നാം മാറുവാൻ പാടില്ല എന്നതും ഓരോ കത്തോലിക്കാ വിശ്വാസിയും മറന്നുകൂടാ. അതിന്റെ പ്രാരംഭ നടപടികളിലേക്ക് സമർപ്പിതരും അത്മായരുമായ വിശ്വാസികൾ ഒത്തൊരുമയോടെ നീങ്ങേണ്ട സമയം ആയിക്കഴിഞ്ഞിരിക്കുന്നു, നിയമാനുസൃതമുള്ള താക്കീത് വിമതവൈദികർക്ക് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ നൽകിക്കഴിഞ്ഞതോടുകൂടി. എല്ലാ സന്യാസ സഭകളുടെയും പരമോന്നത ആഭ്യന്തര അധികാരി മാർപാപ്പ തന്നെയായതിനാൽ മാർപാപ്പയും മാർപാപ്പയുടെ പ്രതിനിധി സിറിൽ വാസിൽ പിതാവും നിർദ്ദേശിച്ചതനുസരിച്ചുള്ള വിശുദ്ധ കുർബാനയർപ്പണം മാത്രമേ തങ്ങളുടെ സന്യാസഭവനങ്ങളിൽ തുടർന്ന് നടത്താൻ അനുവദിക്കുകയുള്ളൂ എന്ന് ഓരോ സന്യാസഭവനത്തിന്റെയും പ്രാദേശികാധികാരി വ്യക്തമായും സ്പഷ്ടമായും തീരുമാനമെടുക്കുകയാണ് ഇതിന്റെ ആദ്യത്തെ പടി. അതിനുവേണ്ട വ്യക്തമായ കൽപ്പന ഓരോ സഭയുടെയും സുപ്പീരിയർ ജനറൽമാർ തങ്ങളുടെ പ്രൊവിൻഷ്യൽ സുപ്പീരിയർമാർവഴി അവർക്ക് നൽകിയാൽ ഈ ആദ്യപടി എളുപ്പമായിത്തീരും. ഇത് നിർവഹിക്കാത്ത സന്യാസസഭാസമൂഹങ്ങളുടെ പ്രാദേശികാധികാരികൾക്കെതിരെ 1464-ാം കാനോനയനുസരിച്ചുള്ള കുറ്റകരമായ അനാസ്ഥയ്ക്കുള്ള ശിക്ഷാനടപടികളോ സന്യാസസഭയുടെ നിയമാവലിയിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് അച്ചടക്ക നടപടികളോ ഉണ്ടാകുമെന്നതും ഇക്കൂട്ടത്തിൽത്തന്നെ വ്യക്തമാക്കേണ്ടിയുമിരിക്കുന്നു. സന്യാസഭവനങ്ങളിലെല്ലാം സിനഡിന്റെ നിശ്ചയപ്രകാരമുള്ള ബലിയർപ്പണം ആരംഭിക്കുക അത്ര എളുപ്പമാകണമെന്നില്ല. എന്നാൽ സിനഡ് നിയമവിരുദ്ധമായി പ്രഖ്യാപിച്ച കുർബാനയർപ്പണം നിരോധിക്കുകയെന്നത് വലിയ ബുദ്ധിമുട്ടേറിയതായി ഈ ലേഖകൻ കരുതുന്നില്ല. ഇതിന്റെ രണ്ടാം പടിയായി ഈ ലേഖകൻ കാണുന്നത്, പ്രഥമദൃഷ്ട്യാ ശീശ്മയിൽ നിപതിച്ച



വൈദികരുമായുള്ള എല്ലാ ബന്ധവും സഹകരണവും മാർപാപ്പയെയും കത്തോലിക്കാ സഭയെയും സ്നേഹിക്കുന്ന എല്ലാ അല്മായരും സന്യസ്തരും അവസാനിപ്പിക്കുക എന്നതാണ്. അതിന്റെ ഭാഗമായി സെമിനാരികളിലും സന്യാസ പരിശീലന കേന്ദ്രങ്ങളിലും ഇങ്ങനെ പരസ്യ ശീശ്മക്കാരെ ക്ലാസ്സുകൾ എടുക്കുന്നതിൽനിന്നും ധ്യാനിപ്പിക്കുന്നതിൽനിന്നും വിശുദ്ധ കുർബാന അർപ്പിക്കുന്നതിൽനിന്നും വചനപ്രഘോഷണം നടത്തുന്നതിൽനിന്നും തടയുക എന്നുള്ളതും ബന്ധപ്പെട്ട അധികാരികൾ നടപ്പിൽ വരുത്തേണ്ടതാണ്. മാർപാപ്പയെ പരസ്യമായി വെല്ലുവിളിക്കുന്നവർക്ക് എറണാകുളം-അങ്കമാലി വിമത സങ്കേതങ്ങളൊഴിച്ച് കത്തോലിക്കാസഭയുടെ ഒരു സ്ഥാപനത്തിലും സ്ഥാനമോ അംഗീകാരമോ ഉണ്ടാവുകയില്ല എന്ന ശക്തമായ സന്ദേശം നൽകുവാൻ സാധിച്ചാൽ അത് വിമതരുടെ ധാർഷ്ട്യത്തിനന്ത്യം വരുത്തുവാനും തദ്വാര അവരുടെ മാനസാന്തരത്തിനും ഹേതുവാകുമെന്നതാണ് ഈ ലേഖകന്റെ പ്രതീക്ഷ. അതോടൊപ്പംതന്നെ, സന്യാസിനികൾ ശീശ്മ കുർബാനയിൽ പങ്കെടുത്തുകൊണ്ട് ശീശ്മയെ പ്രോത്സാഹിപ്പിക്കുന്ന നിലപാടുകൾ അവസാനിപ്പിച്ചേ മതിയാവൂ എന്ന് അവരുടെ ജനറാളമ്മമാർ തീരുമാനിച്ചാൽ കാര്യങ്ങൾ കൂടുതൽ എളുപ്പമാവുകയും ചെയ്യും. ശീശ്മയിൽപ്പെട്ടവരോട് സഹകരിക്കുന്നതും ശീശ്മയോട് സഹകരിക്കുന്നത് തന്നെയായേ പൊതുവേ പറഞ്ഞാൽ നമുക്ക് കരുതുവാനാവുകയുള്ളുവല്ലോ. ശീശ്മയിൽപ്പെട്ട പള്ളികളുണ്ടായാലും ശീശ്മയിൽപ്പെട്ട സന്യാസഭവനങ്ങൾ ഉണ്ടാകാതെ നോക്കുവാൻ പ്രസ്തുത സന്യാസ സഭകളുടെ ജനറാളച്ചന്മാരും ജനറാളമ്മമാരും മനസ്സുവച്ചാൽ സാധിക്കാവുന്നതേയുള്ളൂ. റോക്കോസ് ശീശ്മക്കെതിരെ അഹോരാത്രം അധ്വാനിച്ച് ആ ശീശ്മയ്ക്ക് അകാലചരമഗീതം എഴുതിയ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ മക്കളായ സി.എം.ഐ.-സി.എം.സി. ജനറലുമാർ ഇക്കാര്യത്തിൽ നേതൃത്വപാടവവും ആർജ്ജവവും സഭാസ്നേഹവും മാർപാപ്പയോടുള്ള വിധേയത്വവും പ്രകടിപ്പിക്കുവാൻ ആത്മാർത്ഥതയോടും മുഴുവൻ മനസ്സോടുംകൂടി

രംഗത്തിറങ്ങി മാതൃക കാണിച്ചാൽ കാര്യങ്ങൾ തുലോം എളുപ്പമാവുകയും ചെയ്യും.

ഈ ലേഖനം ഇത്രയും എഴുതിക്കഴിഞ്ഞ പ്പോഴാണ് സീറോ-മലബാർ സഭയുടെ തലവനും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ മാർ റാഫേൽ തട്ടിൽ തിരുമേനിയും പ്രസ്തുത രൂപതയുടെ അപ്പ സ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ പിതാവും കൂടി ചേർന്ന് എറണാ കുളം-അങ്കമാലി അതിരൂപതയിലെ വൈദികർ ക്കായി 2024 ഏപ്രിൽ 12-ാം തീയതി എഴുതിയ കത്ത് ശ്രദ്ധയിൽപ്പെടുന്നത്. ആ കത്തിൽ, പൗരസ്ത്യകാര്യാലയത്തിന്റെ തലവൻ കർദ്ദിനാൾ ക്ലാവുഡിയോ ഗുജുറോത്തി 2024 മാർച്ച് 26-ാം തീയതി എഴുതിയ ഒരു കത്തിന്റെ (Prot.N.144/ 2024) പരാമർശമുണ്ട്. അതിൽ സൂചിപ്പിക്കുന്നത് നിയമവിരുദ്ധബലിയർപ്പണം ഇനിയും തുടർന്നാ ൽ അത് സഭാ നിയമം അനുശാസിക്കുന്ന അച്ചടക്ക നടപടികളിലേക്കായിരിക്കും അനിവാര്യമായും നയിക്കുന്നത് എന്നതാണ്. ചക്രവാള സീമകളിൽ ശീശ്മയുടെ അടയാളങ്ങൾ കണ്ടുതുടങ്ങി എന്നതാണ് പരിശുദ്ധ സിംഹാസനത്തിന്റെ കത്തി നോടുള്ള 2024 ഏപ്രിൽ 19-ലെ പ്രസ്ബി ത്തേരിയത്തിന്റെ പ്രതികരണത്തിൽനിന്നും വ്യക്തമാകുന്നതെന്ന് ഇവിടെ പ്രത്യേകം പറയേ ണ്ടിയിരിക്കുന്നു. കാര്യത്തിന്റെ ഗൗരവം മനസ്സിലാ കാത്തതുകൊണ്ടോ അതോ ഒന്നിച്ചുനിന്നാൽ തങ്ങളെ ആർക്കും ഒരു ചുക്കും ചെയ്യാനാവില്ല എന്ന മൗഢ്യചിന്ത മനസ്സിനെ മഥിക്കുന്നതു കൊണ്ടാണോ എറണാകുളം വിമതവൈദികർ ഇങ്ങനെയൊരു ആത്മഹത്യാപരമായ നിലപാടിൽ എത്തിയിരിക്കുന്നതെന്ന് മനസ്സിലാവുന്നില്ല എന്ന് മാത്രമേ പറയാനാവൂ. "ഞങ്ങൾ ഒറ്റയ്ക്കല്ല, ഒറ്റക്കെട്ടാണെ"ന്നുള്ള അവരുടെ ചങ്കൂറ്റത്തിനും ആത്മവിശ്വാസത്തിനുമുള്ള മറുപടി, ചേർത്തല മുൻസിഫ് കോടതി 2024 ഏപ്രിൽ പതിനൊന്നാം തീയതി നെടുമ്പ്രക്കാട് സെന്റ് തോമസ് പള്ളി വികാരിയെയും കൂട്ടരേയും നിയമവിരുദ്ധ ബലിയർപ്പണം വിലക്കിക്കൊണ്ട് നൽകിയ വിധിയിൽ (1A No. 01/2024 in OS No. 150/2024), പ്രശസ്ത ഇംഗ്ലീഷ് എഴുത്തുകാരനായ വില്യം പെന്നിനെ (William Penn) ഉദ്ധരിച്ച് നൽകിയത് ഇങ്ങനെയാണ്: "Right is right, even if everyone is against it, and wrong is wrong, even if everyone is for it" (no. 32, പേജ്29): "ശരി ശരിയാണ്, എല്ലാവരും അതിനെതിരാണെങ്കിലും, അതുപോ ലെ തെറ്റ് തെറ്റുതന്നെയാണ് എല്ലാവരും അതിന്റെ കൂടെയാണെങ്കിലും." അവനെ ക്രൂശിക്കുക എന്ന് ജനക്കൂട്ടം ആക്രോശിച്ചപ്പോൾ ആ നസ്രായന്റെ കൂടെയും ആർജ്ജവത്തോടെ പക്ഷം പിടിക്കുവാൻ ആ കാൽവരിയിലും ആരുമുണ്ടായിരുന്നില്ല എന്നതും ചരിത്രം.